LIBRARY ARCHIVES Kerala Legislative Assembly

കളക്കട സി.എച്ച്.സി.:

ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-II - 2015 നവംബർ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

പി.റ്റി.എസ്. - 2015 സെപ്തംബർ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

എഴുകോൺ പി.എച്ച്.സി.

ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-II - 2015 ജൂലൈ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

ജൂനിയർ ലാബ് അസിസ്റ്റന്റ്, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2, പാർട്ട് ടൈം സ്വീപ്പർ എന്നിവരുടെ നിയമനാധികാരി ജില്ലാ മെഡിക്കൽ ഓഫീസറാണ്. പാർട്ട് ടൈം സ്വീപ്പർ, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2 തസ്തികകളുടെ പ്രൊമോഷൻ തസ്തികയാണ് ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-1, നഴ്സിംഗ് അസിസ്റ്റന്റ്, ജൂനിയർ ലാബ് അസിസ്റ്റന്റ് എന്നിവ ആയതിനാൽ ടി ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

കാഞ്ഞങ്ങാട് - സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

73 (2348) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് -സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ കെട്ടിടം പണിയുന്നതിനായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകും ;വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് പുതിയകോട്ടയിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച സ്കെച്ച് പ്ലാൻ അംഗീകരിച്ച് നൽകുകയും 560 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പഴയ കെട്ടിടങ്ങൾ പൊളിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനോട് കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തി ആരംഭിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്.

സംസ്ഥാനത്തെ പി.എച്ച്.സി.-കളുടെ പ്രവർത്തനം

74 (2349) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി-കളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ;

(ബി) ഡോക്ടർമാർ ഇല്ലാത്ത എത്ര പി.എച്ച്.സി. -കൾ സംസ്ഥാനത്തുണ്ട്;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.എച്ച്.സി.-കളിലെ ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എൻ.എച്ച്.എം. മുഖേന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനും സബ്സെന്ററുകളുടെ കെട്ടിടനിർമ്മാണ പ്രവർത്തനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട്, എം.എൽ.എ./

LIBRARY ARCHIVES Kerala Legislative Assembly